# നീര രാജ്യമെങ്ങും ഉത്പാദിപ്പിക്കും: അനന്ത്കുമാർ

ബംഗളൂരു: കേരകൃഷി പ്രോൽസാഹിപ്പിക്കാൻ രാജ്യമെങ്ങും നീര ഉല്പാദനം പ്രോൽസാഹിപ്പിക്കുമെന്ന് കേന്ദ്രരാസവളവകുപ്പു മന്ത്രി അനന്തകുമാർ. നാളികേരവികസന ബോർഡിന്റെ ആഭിമുഖ്യത്തിൽ 16-ാമത് ലോകനാളികേരദിനാഘോഷം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

എല്ലാ സംസ്ഥാനങ്ങളിലേയും കൃഷി മന്ത്രിമാരുടെ സമ്മേളനം വിളിച്ചുകൂട്ടി രാജ്യമൊട്ടാകെ നീരയുത്പാദനത്തിനു ആവശ്യമായ കർമ്മപദ്ധതി ആവിഷ്കരിക്കുമെന്ന് അദ്ദേഹം അറിയിച്ചു. വരൾച്ച, പ്രളയം തുടങ്ങിയ പ്രകൃതിക്ഷോഭങ്ങളിൽ നിന്ന് കേരകർഷകർക്ക് ആശ്വാസം നൽകുന്ന നടപടികൾ സ്വീകരിക്കുമെന്നും കർണ്ണാടക, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളിൽ തെങ്ങുപുനരുദ്ധാരണ പദ്ധതികൾക്കായി പ്രത്യേക പാക്കേജ് അനുവദിക്കാൻ നടപടി എടുക്കുമെന്നും അദ്ദേഹം അറിയിച്ചു.



ലോകനാളികേര ദിനാഘോഷങ്ങളുടെ ഉദ്ഘാടനം ബംഗളൂരുവിൽ കേന്ദ്ര വളം രാസവസ്തു വകുപ്പ് മന്ത്രി അനന്ത്കുമാർ നിർവ്വഹിക്കുന്നു. നാളികേരബോർഡ് ചെയർമാൻ ടി. കെ. ജോസ്, ജോഹർഖാൻ, ഉറോൺ എൻ. സലൂം, രാജീവ് ചൗള, സുഗത ഘോഷ്, ടി. ഐ മാത്യുക്കുട്ടി എന്നിവർ സമീപം

നാളികേരവികസന ബോർഡ് ചെയർമാൻ ടി.കെ ജോസ് മുഖ്യ പ്രഭാഷണം നടത്തി. രാജ്യസഭാ എം.പിയും ബോർഡംഗവുമായ സി. പി. നാരായണൻ, കർണാടക ഹോർട്ടിക്കൾച്ചർ പ്രിൻസിപ്പൽ സെക്രട്ടറി രാജീവ് ചൗള എന്നിവർ പ്രസംഗിച്ചു. ബോർഡ് ചീഫ് കോക്കനട്ട് ഡെവലപ്പ്മെന്റ് ഓഫീസർ സുഗത ഘോഷ് സ്വാഗതവും ബാഗ്ലൂർ റീജയണൽ ഡയറക്ടർ ഡോ.റ്റി.ഐ.മാത്യുക്കുട്ടി നന്ദിയും പറഞ്ഞു.